# കൊച്ചിൻ ദേവസ്വം ബോർഡ്

## ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ ദേവസ്വം കമ്മീഷണർ ഓഫീസ്സിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത് :-

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ **2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31** കൂടിയുള്ള കാലയളവിൽ വഴിപാടുകാർക്കുവേണ്ടി കതിനാവെടി നടത്തുന്നതിനുള്ള അവകാശം **2017 മാർച്ച് മാസം 17-ാം തിയ്യതി പകൽ 11 മണിക്ക് തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസിൽ** വെച്ച് പരസ്യമായി ലേലം ചെയ്ത് ഏല്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്ത് യഥാസമയത്ത് ഹാജരായിരിക്കേണ്ടതും പേർ ഒന്നുക്ക് 25,000ക. യുടെ അഡ്വാൻസ് (നിരതദ്രവ്യം) കെട്ടിവെക്കേണ്ടതും ആണ്. അഡ്വാൻസ് കെട്ടാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. എക്സ്പ്ലോസീവ് ആക്റ്റ് പ്രകാരമുള്ള **L.E.-3 ലൈസൻസ്** ഉള്ളവർക്ക് മാത്രമെ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു. ലേലം തുടങ്ങുന്നതിനു മുമ്പ് ലൈസൻസിന്റെ ഒറിജിനൽ അധികാരികളെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

പരസ്യലേലത്തിന് പുറമെ സീൽവെച്ച ടെണ്ടറുകൾ നേരിട്ടോ തപാൽ മുഖേനയോ ദേവസ്വം സ്പെഷ്യൽ കമ്മീഷണർ, തൃശ്ശൂർ എന്ന വിലാസത്തിൽ ദേവസ്വം സ്പെഷ്യൽ കമ്മീഷണറുടെ പേരിൽ മാറാവുന്ന 25,000ക. യുടെ ഡിമാന്റ് ഡ്രാഫ്റ്റ്, എക്സ്പ്ലോസീവ് ആക്റ്റ് പ്രകാരമുള്ള ലൈസൻസിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി സഹിതം തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, കൊടുങ്ങല്ലൂർ എന്ന വിലാസത്തിൽ **2017 മാർച്ച് മാസം 17-ാം തിയ്യതി** രാവിലെ 10 മണിക്ക് മുമ്പായി സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ പരസ്യലേലം കഴിഞ്ഞാലുടനെ പൊട്ടിക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളിന് ടെണ്ടർ/ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ട് കൊച്ചിൻ ദേവസ്വം ബോർഡിന്റെ കല്പന വന്നാൽ ലേലം കൊണ്ടയാളെ വിവരം അറിയിക്കുന്നതും അപ്രകാരം അറിവുകിട്ടി മൂന്ന് ദിവസത്തിനകം ലേലസംഖ്യയുടെ മൂന്നിലൊന്ന് സംഖ്യ തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസിൽ അടയ്ക്കേണ്ടതുമാകുന്നു. ലേലം കൊണ്ടയാളുടെ നിരതദ്രവ്യം ലേലസംഖ്യയിലേക്ക് വരവ് വെക്കുന്നതും ബാക്കിയുള്ളവരുടെ സംഖ്യ ലേലാവസാനം മടക്കിക്കൊടുക്കുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ച് മൂന്ന് ദിവസത്തിനകം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം ലേലം ദുർബ്ബലപ്പെടുത്തുന്നതുമാണ്. ഹിന്ദുക്കളല്ലാത്തവരെ ലേലത്തിൽ പങ്കുചേരുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തി വന്നതിനുശേഷം ലേലക്കാരന്റെ ചിലവിന്മേൽ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്നും നിശ്ചയിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കച്ചീട്ട് എഴുതി തയ്യാറാക്കി തരേണ്ടതാണ്. ലേലക്കാരൻ വഴിപാടുകാരിൽ നിന്നും വെടി ഒന്നുക്ക് 15 ക. വസൂൽ ചെയ്ത് നടത്തിക്കൊടുക്കേണ്ടതുമാണ്.

*(മറുപുറം)*

പതിവായി വെളുപ്പാൻകാലത്ത് 3 മണിക്ക് നിയമവെടി, പന്തീരടി, ഉച്ചപൂജ കഴിഞ്ഞ് നടതുറക്കൽ, ദീപാരാധന, അത്താഴപൂജ എന്നിവയ്ക്ക് മൂന്ന് വെടി വീതവും ആണ്ടുവിശേഷങ്ങൾക്ക് കീഴ്‌വഴക്കം പതിവുപ്രകാരവും വെടി നടത്തേണ്ടതാണ്.

ഉത്സവകാലത്ത് വിശേഷാൽ വെടികളുള്ളതിനാൽ വഴിപാടുകാരിൽ നിന്നും സംഖ്യ വാങ്ങിച്ച് ദീപാരാധന സമയത്തു മാത്രമെ വെടി നടത്തുവാൻ പാടുള്ളു.

മേൽ നിശ്ചയിച്ച പ്രകാരം പ്രവർത്തിക്കാതെ ലേലക്കാരൻ എന്തെങ്കിലും ആക്ഷേപത്തിനിടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബ്ബലപ്പെടുത്തുകയോ അവസ്ഥാനുസരണം പിഴയിടുകയോ ചെയ്യുന്നതിന് ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. മേൽപ്രകാരം ലേലക്കാരൻ പ്രവർത്തിക്കാതിരുന്നാൽ ദേവസ്വത്തിൽ അടച്ച സംഖ്യ വഴിപാടായി മുതൽകൂട്ടി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം വിളിക്കുകയോ മറ്റു യുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുകയോ ചെയ്യുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടമുണ്ടായാൽ ടിയാനിൽ നിന്നോ ടിയാന്റെ സ്വത്തുക്കളിൽ നിന്നോ വസൂൽ ചെയ്യുന്നതുമാകുന്നു.

ലേലക്കാരൻ Third Party കവറേജുള്ള Comprehensive Insurance Policy എടുക്കേണ്ടതാണ്.

പതിവുവെടിയും വഴിപാടു വെടിയും വീഴ്ചകൂടാതെ നടത്തേണ്ടതാണ്. വെടിക്കുള്ള ടിക്കറ്റ് വെടിപ്പുരയ്ക്കു സമീപത്തുവെച്ച് മാത്രമെ വില്പന നടത്തുവാൻ പാടുള്ളു. മേൽപ്രകാരമല്ലാത്ത മറ്റു സ്ഥലങ്ങളിൽ വെച്ച് ടിക്കറ്റ് കൊടുക്കുവാനോ വഴിപാടുകാരെ ക്യാൻവാസ് ചെയ്യുവാനോ പാടുള്ളതല്ല. ദേവസ്വത്തിന്റെ അനുമതിയില്ലാതെ ലേലം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

ലേലക്കാരൻ ലേലസംഖ്യയുടെ മൂന്നിൽ ഒന്ന് സംഖ്യ അടച്ചത് കഴിച്ച് ബാക്കി സംഖ്യ ഒരു മാസത്തിനകം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ഇപ്രകാരം സംഖ്യ അടയ്ക്കാത്ത പക്ഷം ലേലം ദുർബലപ്പെടുത്തി വെടി അവകാശം ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം ചെയ്യുന്നതുമാകുന്നു. ലേലക്കാരൻ ക്ഷേത്രാചാരങ്ങൾക്കു വിരുദ്ധമായി പെരുമാറാൻ പാടില്ലാത്തതും ക്ഷേത്രദർശനത്തിനു വരുന്നവരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടവരുത്താതേയും പെരുമാറേണ്ടതുമാണ്. ലേലം വേണ്ടെന്നുവെക്കുന്നതിനോ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനോ ഉള്ള അധികാരം കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ ദേവസ്വം കമ്മീഷണർക്ക് ഉണ്ടായിരിക്കുന്നതാണ്. സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ ശുപാർശ പ്രകാരം ലേലം ഉറപ്പിക്കുന്നതിനുള്ള അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിട്ടുള്ളതും ലേലം മൂലം നഷ്ടം അനുഭവിക്കുന്നതായി തോന്നുന്നപക്ഷം ലേലം ഉറപ്പിക്കുവാതിരിക്കുവാനും പുനർലേലം ചെയ്യുവാനും ദേവസ്വം ബോർഡിന് അധികാരമുണ്ട്.

ഈ ലേലത്തെപറ്റി കൂടുതൽ വിവരങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നവർ താഴെ പറയുന്ന ഓഫീസുകളിൽ അന്വേഷിക്കണ്ടതാണ്.

1. തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസ്.
2. അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, തിരുവഞ്ചിക്കുളം ഗ്രൂപ്പ്.
3. കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശ്ശൂർ.

സ്പെഷ്യൽ ദേവസ്വം കമ്മീഷണർ

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 28-02-2017